# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-9/847/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-9/847/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 14-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 14-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സുരേഷ്.എസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റോയ്.റ്റി.എം,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി,ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൂസൻ സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീ.ബിനീഷ് .എച്ച് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.കമലേശൻ. വി | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ.ബിനു.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 16-06-2020 |
| ശ്രീ.അശോക്കുമാർ.കെ.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-06-2020 | 23-06-2020 |
| ശ്രീ.മുഹമ്മദ് ഇക്ബാൽ എം. | സെക്രട്ടറി | 24-06-2020 | 10-01-2021 |
| ശ്രീമതി,ശോഭ.കെ. | സെക്രട്ടറി | 11-01-2021 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദു ബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രഞ്ജിത്ത് മോനായി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ ലക്ഷ്മി ദേവി | മെഡിക്കൽ ഓഫീസർ , | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ഡോ അഷൈൻ റോസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ബിന്ദു മാത്യു | വെറ്ററിനറി സർജൻ | 01-04-2020 | 31-01-2021 |
| മുഹമ്മദ് ഷിഹാസ് | വെറ്ററിനറി സർജൻ | 01-02-2021 | 31-03-2021 |
| റീനാ പദ്മനാഭൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഗീത ദേവി കെ ആർ | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശോഭ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സഫീറ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 09-08-2020 |
| അനിൽ കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 10-08-2020 | 31-03-2021 |
| ആശ ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ബിനു ആർ | അസ്സി . സെക്രട്ടറി | 01-04-2020 | 15-06-2020 |
| കാർത്തികേയൻ വി | അസി. സെക്രട്ടറി | 16-06-2020 | 31-03-2021 |
| പൊന്നമ്മ കെ. ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 09-08-2020 |
| മിലി ഗോപിനാഥ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 10-08-2020 | 20-10-2020 |
| ലീന | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 20-10-2020 | 30-11-2020 |
| ആശമോൾ ആന്റണി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-12-2020 | 31-03-2021 |

1.11.20 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 10-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 28-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 10-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 28-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 01-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-9 |
| 10 | രസീത് കളക്ഷൻ തുക കളവ് പോയി<br>Written By: Siji (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-10 |
| 11 | പഞ്ചായത്ത് വക സ്ഥലത്തിന്റെ തറവാടക കുടിശ്ശിക ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 13-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-11 |
| 12 | പഞ്ചായത്ത് കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 13-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-12 |
| 13 | ഇ-ടെന്റർ ഫീസ്<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-13 |
| 14 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല - പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-14 |
| 15 | വാടക ഈടാക്കിയില്ല<br>Written By: Elsamma (Audit Officer, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-15 |
| 16 | തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-16 |
| 17 | മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് നല്കുന്നു<br>Written By: Lakshmikanth P (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-17 |
| 18 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Lakshmikanth P (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-18 |
| 19 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Lakshmikanth P (Auditor, On 13-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-19 |
| 20 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Lakshmikanth P (Auditor, On 13-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-20 |
| 21 | അഗതി രഹിത കേരളം -- ആവശ്യകത നിർണ്ണയിക്കാതെ വികസന ഫണ്ട് വകമാറ്റി<br>Written By: T.M Roy (Senior Grade Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-21 |
| 22 | വിനിയോഗരേഖകൾ ലഭ്യമായില്ല<br>Written By: Elsamma (Audit Officer, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-22 |
| 23 | കുത്തിയതോട് മാർക്കറ്റ് നവീകരണം | 1-23 |

| | | |
|---|---|---|
| | Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | |
| 24 | ചെലവുരേഖകൾ ലഭ്യമാക്കാത്തത്<br>Written By: Elsamma (Audit Officer, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-25 |
| 26 | ആദായനികുതി അടവ്<br>Written By: Elsamma (Audit Officer, On 12-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-26 |
| 27 | ഓഡിറ്റ് ഇംപാക്ട്<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-27 |
| 28 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-28 |
| 29 | എം.എൻ ലക്ഷംവീട് പദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് നിഷ്ക്രിയമായി തുടരുന്നു<br>Written By: T.M Roy (Senior Grade Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-29 |
| 30 | തെറ്റായി അളവു രേഖപ്പെടുത്തി തുക അനുവദിച്ചു. അധികം നൽകിയത് 43298/-രൂപ<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-30 |
| 31 | തൊഴിലുറപ്പു പദ്ധതി -പേവിംഗ് ടൈലിന് (ഇന്റർലോക്കിംഗ് ടൈൽ)ഉയർന്ന നിരക്ക് അധികച്ചെലവിനിടയാക്കുന്നു<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-31 |
| 32 | ലൈഫ് പദ്ധതി-മുൻകൂർ കൈപ്പറ്റി 2 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 15-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-32 |
| 33 | അനുപൂരക പോഷകാഹാര പരിപാടി-GST.TDS ഈടാക്കിയില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 15-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-33 |
| 34 | കോവിഡ് അവലോകനം<br>Written By: Elsamma (Audit Officer, On 16-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-34 |
| | **ഭാഗം 2** | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല- നഷ്ടം 8,620/-<br>Written By: Lakshmikanth P (Auditor, On 15-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 2-1 |
| | **ഭാഗം 3** | |
| 1 | തെറ്റായി അളവു രേഖപ്പെടുത്തി തുക അനുവദിച്ചു . അധികം നൽകിയത് 43298/-രൂപ<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 3-1 |
| 2 | കുത്തിയതോട് മാർക്കറ്റ് നവീകരണം<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Lakshmikanth P (Auditor, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| | Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 25-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lakshmikanth P (Auditor, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 28-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

;

16/3/20 തീയതിയിലെ.1 തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 184598191 | 182121500 |
| വാർഷികകണക്ക് പ്രകാരം | 66466920 | 59618260 |

ഇ.എഫ്.എം.എസ് വഴി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 40124416/-രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി-57214600/-രൂപയും ലഭിച്ചതുൾപ്പെടെ 97339016/-രൂപ RP സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിനോടും ചെലവിനോടും കൂട്ടിയാൽ യഥാക്രമം 163805936/- രൂപയും 156957276/- രൂപയുമാണ് വരുന്നത് .ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ വളരെയേറെ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 31.05.2021 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ജില്ലാ സഹകരണ ബാങ്കിന്റെ കത്തിയതോട് ശാഖയിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By The Bank എന്ന ശീർഷകത്തിൽ 104250/- രൂപ പഞ്ചായത്തിന്റെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രഷറിയിലെ സാങ്കേതിക പിഴവ് മൂലം കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ ക്രഡിറ്റ് ചെയ്യേണ്ട തുക വകമാറ്റി കോടംതുരുത്ത് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വെച്ചതുമൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ആയത് പരിഹരിച്ച് വാർഷിക കണക്കിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

2) ജില്ലാ സഹകരണ ബാങ്കിന്റെ കത്തിയതോട് ശാഖയിൽ എം.എൻ ലക്ഷംവീട് പദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 2011-12 സാമ്പത്തിക വർഷത്തിന് ശേഷം ഇടപാടുകളൊന്നും നടന്നതായി കാണുന്നില്ല. വർഷങ്ങളായി നിഷ്ക്രിയമായി തുടരുന്ന ടി അക്കൗണ്ടിലെ 31.3.2021 ലെ നീക്കിയിരുപ്പ് 10,62,705/- രൂപയാണ്.

3) തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി തൻവർഷം കെ.എസ്.ഇ.ബി-യിൽ 1,96,400/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4) ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലുള്ള ആകെ വരവ് 811630/- രൂപയാണെങ്കിലും വാർഷിക കണക്കിൽ 819630/- രൂപയെന്നാണ് ചേർത്തിട്ടുള്ളത്.

5) വാർഷിക കണക്ക് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 4,14,20,000/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് സെല്ലിന്റെ സോഫ്റ്റ് വെയറിൽ നിന്നുള്ള എം.ഐ.എസ് റിപ്പോർട്ട് പ്രകാരം ആകെ ചെലവ് 4,14,25,000/- രൂപയാണ്.

6) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 13663/- രൂപയും നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ 92862/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Residential Buildings, Prior Period Income-Property Tax Non Residential Buildings എന്നീ ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9892409 |
| വരവ് | 66466920 |
| ആകെ | 76359329 |
| ചെലവ് | 59618260 |
| നീക്കിയിരിപ്പ് | 16741069 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12552502 | 12552502 | 10418548 | 2133954 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12516941 | 12516941 | 10422244 | 1794697 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 190000 | 190000 | 184000 | 6000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 194000 | 194000 | 194000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3881342 | 3881342 | 3862455 | 18887 |
| സി.എഫ്.സി. | 0 | 5440000 | 5440000 | 3728392 | 1711608 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 104151754 | 85 | 46844106 | 54 | 56 | 71.28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11894 | 1304835 | 1316729 | 1295584 | 21145 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 40124416 | 40124416 | 40124416 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 150360 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 7693500 | 439 |
| വിധവാപെൻഷൻ | 13530500 | 782 |
| വാർദ്ധക്യകാലപെൻഷൻ | 29173800 | 1973 |
| വികലാംഗപെൻഷൻ | 5174100 | 276 |
| അവിവാഹിത പെൻഷൻ | 1522700 | 90 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.08.2021 തീയതിയിൽ 3:15 P.M സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,935/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് ഉടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 രസീത് കളക്ഷൻ തുക കളവ് പോയി

2020-21 സാമ്പത്തിക വർഷത്തെ രസീത് പരിശോധന, പണം അടവാക്കൽ, പണം പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ, ഡേ ബുക്ക് പ്രകാരം 13.8.2020 ലെ കളക്ഷനായ 905/-രൂപ ബാങ്കിൽ അടവാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14, തീയതി 10-09-21) 13.09.21

ൽ ലഭിച്ച മറുപടിയിൽ, ടി തുക പഞ്ചായത്ത് ഓഫീസിൽ നിന്നും കളവ് പോയിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച് സി. 4-26/20/2.10.20 പ്രകാരം കുത്തിയതോട് പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിന്റെ നം.1024/20/Dt.14.8.20 പ്രകാരമുള്ള FIR ന്റെ പകർപ്പ് മറുപടിയിൽ ഹാജരാക്കിയിട്ടുണ്ട്. കേസിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 പഞ്ചായത്ത് വക സ്ഥലത്തിന്റെ തറവാടക കുടിശ്ശിക ഈടാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് വക സ്ഥലം, വാടകയ്ക്ക് കൊടുത്തത് സംബന്ധിച്ച് ഹാജരാക്കിയ തറ വാടക രജിസ്റ്റർ പരിശോധിച്ചതിൽ, സ്ഥലത്തിന്റെ തറവാടകയിനത്തിൽ ലഭിക്കേണ്ട കുടിശ്ശിക പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | തറ വാടക ഇനത്തിൽ ലഭിക്കേണ്ട തുക | തറ വാടക ഇനത്തിൽ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | അബ്ദുൾ ഖാദർ, ചിറയിൽ, കുത്തിയതോട് | 205x12 = 2460 | 615 | 1845 |
| 2 | ബാപ്പു കുഞ്ഞ്, ചിറയിൽ, കുത്തിയതോട് | 140x12 = 1680 | 420 | 1260 |
| 3 | ആന്റണി വെളിപറമ്പ്, കുത്തിയതോട് | 140x12 = 1680 | 420 | 1260 |
| 4 | കുട്ടായി തിലകൻ, കിഴക്കേ മനയിൽ | 255x11 = 2805 | 255 | 2550 |
| 5 | ഉത്തമൻ, മറ്റത്തിൽ, കുത്തിയതോട് | 270x12 =3240 | 0 | 3240 |
| ആകെ | | | | 10,155/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 3, തീയതി 03/09/2021) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് അടിയന്തിരമായി തറ വാടക കുടിശ്ശിക ഈടാക്കി, വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 പഞ്ചായത്ത് കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കുന്നില്ല.

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നല്കിയതുമായി ബന്ധപ്പെട്ട് വാടകക്കാരുമായി കരാർ ചമച്ച മുദ്രപ്പത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല, മറിച്ച് ബ്ലാങ്ക് മുദ്രപ്പത്രങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന (നം: 1, തീയതി 03/09/2021 ) മറുപടി ലഭിച്ചിട്ടില്ല.

2, 2020-21 ലെ, പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്കു നല്കിയതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം കടമുറികളുടെ വാടക കുടിശ്ശിക നാളിതുവരെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | ബിൽഡിങ് നം. / റൂം നം. | വാടക കുടിശ്ശിക |
|---|---|---|---|
| 1, | ഉത്തമൻ, മറ്റത്തിൽ, കുത്തിയതോട് | 10/31 | 1335x12 =16020/- |
| 2 | ഉത്തമൻ, മറ്റത്തിൽ, കുത്തിയതോട് | 10/32 | 1230x12= 14760/- |
| 3 | ബാപ്പുകുഞ്ഞ് , ചിറയിൽ, കുത്തിയതോട് | 10/17 | 675x12= 8100/- |
| 4 | സുഭദ്രാ തങ്കപ്പൻ | 10/7 | 284x5= 1420/- |
| 5 | കൃഷ്ണൻകുട്ടി, അടിയോടി, തികർത്ത് | 10/21 | 370x3 = 1,110/- |
| 6 | ഷൈഷാകമാരി, മറ്റത്തിൽ, കുത്തിയതോട് | 10/18 | 1165x12=13,980/- |
| 7 | ജോസഫ്, വാരിക്കാട് ഹൌസ് | 10/19 | 355x12= 4,260/- |
| ആകെ | | | 59,650/- |

മേൽ സൂചിപ്പിച്ച വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക, ടി വ്യക്തികളുടെ പക്കൽ നിന്നും ഈടാക്കാത്തതിനെ സംബന്ധിച്ചും, തുക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളെ സംബന്ധിച്ചും, രേഖാമൂലം മറുപടി നൽകാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 2, തീയതി 03/09/2021 ) മറുപടി നൽകിയിട്ടില്ല .മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ഇ-ടെന്റർ ഫീസ്

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 5450/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെങ്കിലും ഓഡിറ്റ് സമയം വരേക്കും തിരികെ ലഭിച്ചിട്ടില്ല.

തൻവർഷത്തെ ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള രൂപയും, മുൻവർഷങ്ങളിലേതായി ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

2020-21 തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും

തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഇവ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | ഏത് അർദ്ധവർഷം |
|---|---|---|
| 1 | പി.എച്ച്.സി. വല്ലേത്തോട് | രണ്ടാം അർദ്ധവർഷം |
| 2 | ഇ.സി.ഇ.കെ.യൂണിയൻ ഹൈസ്കൂൾ | ഒന്നാം അർദ്ധവർഷം |
| 3 | ക്ഷീരോൽപാദക സഹകരണ സംഘം, കോടംഉരുത്ത് | രണ്ടാം അർദ്ധവർഷം |
| 4 | ക്ഷീരോൽപാദക സഹകരണ സംഘം, എഴുപുന്ന | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

സ്ഥാപന തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | ഏത് അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, കത്തിയതോട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ക്ഷീരോൽപാദക സഹകരണ സംഘം, കോടംഉരുത്ത് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ക്ഷീരോൽപാദക സഹകരണ സംഘം, എഴുപുന്ന | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | എസ്.ബി.ഐ. | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | കരുമാഞ്ചേരി ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | കത്തിയതോട് റൂറൽ ഹൗസിംഗ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 7 | സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 8 | റെഡ്തോൺ ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം |
| 9 | കെ.പി.ബി. ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം |
| 10 | മുത്തൂറ്റ് ഫിനാൻസ്, കത്തിയതോട് | രണ്ടാം അർദ്ധവർഷം |
| 11 | എഴുപുന്ന സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 12 | കെ.എസ്.ഇ.ബി. | രണ്ടാം അർദ്ധവർഷം |
| 13 | മാവേലി സ്റ്റോർ | ഒന്നും രണ്ടും അർദ്ധവർഷങ്ങള് |
| 14 | അമാൽഗം ന്യൂട്രിയൻസ് | രണ്ടാം അർദ്ധവർഷം |

മറ്റ് അപാകതകൾ

ധനലക്ഷ്മി ബാങ്ക് രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/തീയതി 09-09-2021 ) മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വാടക ഈടാക്കിയില്ല

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സ്വകാര്യ വ്യക്തിയുടെ ലൈസൻസിലുള്ള (ശ്രീമതി.ബിന്ദു രാജേന്ദ്രകൃഷ്ണൻ) ഒരു അക്ഷയസെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നതായി കാണുന്നില്ലായെന്നും സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകളും തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ഹാജരാക്കുവാൻ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനത്തിനായി നൽകിയിട്ടുള്ള മുറിയുടെ വാടക നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

(എ) 22.01.2019 ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ് ) എ9 -764/2019-ാം നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/തീയതി 07-09-2021) മറുപടി നൽകിയിട്ടില്ല. റേഷൻ വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി /തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകം. എന്നാൽ 2020-21 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചേർക്കുന്ന കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് / വിലാസം |
|---|---|
| 1 | പ്രവീൺ കുമാർ,<br>തറയിൽ, ഉറവൂർ പി.ഒ |
| 2 | പി.സി. ഷാ,<br>പൊറ്റപ്പറമ്പിൽ , കുത്തിയതോട് പി.ഒ |
| 3 | ആന്റണി ജോൺ,<br>കേളംപറമ്പിൽ, തൈക്കാട്ടുശ്ശേരി പി.ഒ |
| 4 | സുനിൽ കുമാർ പി.എസ്,<br>ശാരദാനിലയം, അന്ധകാരനഴി പി.ഒ |

ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണവും, ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/തീയതി 07-09-2021) മറുപടി ലഭിച്ചിട്ടില്ല. കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് നല്കുന്നു

(എ) 30.1.2021 ൽ സുനിത ബാദ്ഷാ, കോടംതുരുത്ത് എന്ന വ്യക്തി കോറുഗേറ്റഡ് ബോക്സ് നിർമ്മിക്കുന്ന സ്ഥാപനമായ പ്ലാക്കോ പായ്ക്ക് (പ്രൈ.) ലിമിറ്റഡിനായി ലൈസൻസിനു അപേക്ഷിച്ചിരുന്നു (ഫയൽ നം. സി.4 – 480/21). 20 പേർക്കു മുകളിൽ ജോലി ചെയ്യുന്ന ടി സ്ഥാപനത്തിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെയോ, മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ, ഫയർ ആന്റ് സേഫ്റ്റി വകുപ്പിന്റെയോ അംഗീകാരം ലഭിച്ചിട്ടില്ലായിരുന്നു. സ്ഥാപനത്തിൽ ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളോ യാതൊരുവിധ സുരക്ഷാ ക്രമീകരണങ്ങളോ ഇല്ലാ എന്ന്, മേൽ അപേക്ഷയുടെ 22.02.2021 ലെ അന്വേഷണ റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ ന്യൂനതകൾ പരിഹരിക്കുവാൻ 23.2.2021 ൽ പഞ്ചായത്ത് ടി സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ട്. ആയതിന് ടി സ്ഥാപനം നല്കിയിരിക്കുന്ന മറുപടിയിൽ മേൽപ്പറഞ്ഞ രേഖകൾക്ക് അപേക്ഷിക്കുന്നതാണെന്നും, 20 ജീവനക്കാരുടെ ജീവനോപാധിയായതുകൊണ്ടും, കമ്പനിയുടെ ജി.എസ്.ടി അടക്കേണ്ടതുകൊണ്ടും, ഉടൻ ലൈസൻസ് നല്കി സഹായിക്കണമെന്നാണ് മറുപടി നൽകിയത്. എന്നാൽ ടി രേഖകൾ ഉടൻ കരസ്ഥമാക്കണമെന്ന് രേഖപ്പെടുത്തിക്കൊണ്ട് 05.03.2021 ൽ 239/2020-21/സി.4/480/2021 ആയി ലൈസൻസ് നൽകുകയാണുണ്ടായത്. ടി രേഖകൾ പിന്നീട് സമർപ്പിച്ചതായി കാണുന്നില്ല . ടി സ്ഥാപനത്തിന് മേൽ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകിയിരിക്കുന്നത് 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് മുഖേന 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിൽ വരുത്തിയ ഭേദഗതിയിലെ വകുപ്പ് 233(4) എ സി പ്രകാരം ചട്ടവിരുദ്ധമാണ്.

(ബി) 14.02.2020 ലെ 1038 -ാം നമ്പർ ലൈസൻസിനുള്ള അപേക്ഷ പ്രകാരം പഞ്ചായത്ത് അന്വേഷിച്ച് മറുപടി നൽകിയ കത്തിൽ (നം:സി.41038/20/ 19.01.2021) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് ഹാജരാക്കാതെ 22.1.2021 ലെ 216/20-21/ സി.4-1038/20 പ്രകാരം ലൈസൻസ് അനുവദിച്ചു. മേൽ എൻ.ഒ.സി. നാളിതുവരെ ഹാജരാക്കിയതായി ഫയലിൽ രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 26 / തീയതി 13/09/21) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മറ്റ് സർക്കാർ ഏജൻസികളുടെ നിയമാനുസൃതമായ അംഗീകാരത്തോടു കൂടിയാണെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻ | യന്ത്രത്തിന്റെ കതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 12/20-21 | സാബു മാനവൽ | 95 HP | 1000 | 0 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 13/20-21 | ജോസഫ് സക്കറിയ | 562 HP | 5620 | 0 | 5620 |
| 3 | 60/20-21 | സജി.പി. | 40 HP | 400 | 0 | 400 |
| 4 | 55/20-21 | രേഷ്മ എ.ആർ. | 45 HP | 500 | 0 | 500 |
| 5 | 113/20-21 | സാബിർ.കെ.എ | 33.16 HP* | 400 | 0 | 400 |
| 6 | 1/20-21 | അൽഫോൻസ് ജെ. | 39 HP | 400 | 0 | 400 |
| 7 | 28/20-21 | മേരി ആന്റണി | 25 HP | 300 | 0 | 300 |
| | | | | | ആകെ | 8620 |

(* പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി. പ്രകാരം)

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 25, തീയതി 13/09/2021 ) മറുപടി ലഭിച്ചിട്ടില്ല. ടി വ്യക്തികളിൽ നിന്നും കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2020-21 ൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായ "ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ" പദ്ധതിക്കായി ഔഷധിയ്ക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | ട്രഷറി ബിൽ നം: | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 17 / 2021 | 28/2020-21 തീയതി : 13/01/2021 | ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ, മെഡിക്കൽ ഓഫീസർ പി.എച്ച്. സി | 4,00,000/- (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) | 3,78,627/- | 21,373/- |

മരുന്ന് ലഭ്യമാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/തീയതി 13-09-2021) മറുപടി ലഭിച്ചിട്ടില്ല. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതു വരെ 21,373/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

1) 2020-21 സാമ്പത്തികവർഷം ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന്, ഹോംകോ, ആലപ്പുഴയ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം : | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക / പ്രോജക്റ്റ് നം. | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 01/2021 തീയതി 19.01.2021 | ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ , ഹോമിയോ മെഡിക്കൽ ഓഫീസർ | 2,00,000/- രൂപ (പ്രോജക്റ്റ് നം. 44/2021 മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് ) | 27,600/- | 1,72,400/- |

മരുന്ന് ലഭ്യമാകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9 /തീയതി 07-09-2021) മറുപടി ലഭിച്ചിട്ടില്ല. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 1,72,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 അഗതി രഹിത കേരളം -- ആവശ്യകത നിർണ്ണയിക്കാതെ വികസന ഫണ്ട് വകമാറ്റി

അഗതി രഹിത കേരളം പദ്ധതിയ്ക്കായി 38/2021 നമ്പർ പ്രോജക്റ്റ് പ്രകാരം 2,50,000/- രൂപ പിൻവലിച്ച് സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. സി.ഡി.എസ് ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ടി തുകയിൽ നിന്നും തൻവർഷം 21 ഗുണഭോക്താക്കൾക്കായി 96200/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2019-20 വർഷം ഇതേ പദ്ധതിയ്ക്കായി നൽകിയ 250000/-രൂപയിൽ 181600/- രൂപ ബാലൻസ് നിലനിൽക്കെയാണ് ഇത്തരത്തിൽ വീണ്ടും വികസന ഫണ്ടിൽ നിന്നും തുക നൽകിയത്. 2019-20 മുതലുള്ള മൂന്ന് വർഷത്തേയ്ക്ക് അഗതി രഹിത കേരളം പദ്ധതിയ്ക്കായി 2,50,000/- രൂപ വീതം നൽകുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്റ്റ് പ്രകാരം തുക കൈമാറിയതെന്നും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഒടുക്കുന്നതാണെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/10.09.21) മറുപടി നൽകിയത്. മുൻവർഷം അഗതി രഹിതം പദ്ധതിയ്ക്കായി വകമാറ്റിയ തുകയിൽ എത്ര തുക വിനിയോഗിച്ചുവെന്ന് പരിശോധിച്ച് അതനുസരിച്ച് തുടർന്നുള്ള വർഷങ്ങളിലെ അലോട്ട്മെന്റ് ക്രമീകരിക്കുന്നതിന് പകരം സി.ഡി.എസ് ആവശ്യപ്പെടുന്ന തുക പ്രോജക്റ്റ് പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് നൽകുന്നത് ശരിയായ പ്രവണതയല്ല. പദ്ധതി ചെലവ് ശതമാനം ഉയർത്തുന്നതിനായി ഇത്തരത്തിൽ ഫണ്ട് വകമാറ്റുന്നത് അവസാനിപ്പിക്കേണ്ടതാണ്.

## 1-22 വിനിയോഗരേഖകൾ ലഭ്യമായില്ല

പ്രോജക്റ്റ് നം. - 81//20-21

തുക - 1,50,000/(ബിൽ നം - 4/20-21/29.1.21)

കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2020-21 വർഷം 1,50,000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസി.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നും പ്രോജക്ടിന്റെ നിലവിലെ അവസ്ഥയും അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-23 കുത്തിയതോട് മാർക്കറ്റ് നവീകരണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കുത്തിയതോട് മാർക്കറ്റ് നവീകരണം |
| പ്രോജക്ട് നമ്പർ | 33/20 |
| കരാറുകാരൻ | രാഘവേന്ദ്ര ഷേണായി |
| അളവുപുസ്തകം | 43/19-20 |
| നിർവ്വഹണം | അസിസ്റ്റൻറ് എഞ്ചിനീയർ |
| ചെലവു വിവരം | ബിൽ നമ്പർ 39/12-01-2021 രൂപ 649538/- |

എ) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

കുത്തിയതോട് മാർക്കറ്റ് നവീകരണത്തിന് ടെണ്ടർ ക്ഷണിച്ചതിൽ 1039597/- രൂപ ക്വോട്ട് ചെയ്ത ശ്രീ.രാഘവേന്ദ്ര ഷേണായിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. കരാറുകാരൻ കൈപ്പറ്റിയ 30-12-2019 തീയതിയിലെ 19/AE/LSG/KM/19-20-ാം നമ്പർ സെലക്ഷൻ നോട്ടീസിൽ 13-01-2020 തീയതിക്ക് മുമ്പായി കരാർ ഉടമ്പടി വെയ്ക്കണമെന്നും മേൽ തീയതിയിൽ കരാർ ഉടമ്പടി വെയ്ക്കാൻ കഴിയാത്ത പക്ഷം 23-01-2020 തീയതി വരെ 1% പിഴയോടു കൂടി കരാർ ഉടമ്പടി വെയ്ക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. കരാറുകാരൻ കരാർ ചമച്ചിരിക്കുന്നത് 23-01-2020 തീയതിയിലാണ്. (എഗ്രിമെന്റ് നമ്പർ 19/AE/LSG/KM/19-20 തീയതി 23-01-2020) 2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% പിഴയായി ഈടാക്കേണ്ടതാണ്. അതിനാൽ ടിയാനിൽ നിന്നും പിഴയിനത്തിൽ 10396 (1039597 @1%) രൂപ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 17/07-09-2021) ടി പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി)കൂടുതലായി അളവു രേഖപ്പെടുത്തി തുക അനുവദിച്ചു. അധികം നൽകിയത് 6845/-

മേൽ പ്രവൃത്തിയിൽ ബേസ്മെന്റ് നിർമ്മിച്ച് ട്രസ് വർക്ക് ചെയ്ത് മാർക്കറ്റ് നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. ടി പ്രവൃത്തിയിൽ 0.55മീറ്റർ ഉയരത്തിലാണ് ബേസ്മെന്റ് നിർമ്മിച്ചിരിക്കുന്നത്. ഇത് ഫില്ല് ചെയ്തിരിക്കുന്ന അളവും 0.55മീറ്റർ ആണ്. ഫില്ല് ചെയ്തിരിക്കുന്നതിനു പുറമെ 0.075 മീറ്റർ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ബേസ്മെന്റ് 0.475 മീറ്റർ (0.55- 0.075) ഉയരത്തിൽ ഫില്ല് ചെയ്താൽ മതി. ഈ അളവു തന്നെയാണ് (0.475 മീറ്റർ ) എസ്റ്റിമേറ്റിലും കാണിച്ചിരിക്കുന്നത്. ഫില്ലിംഗിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ കരാറുകാരന് 6845/- രൂപ അധികം നൽകാനിടയായി. വിശദ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-24 ചെലവുരേഖകൾ ലഭ്യമാക്കാത്തത്

27.5.20 ലെ വൌച്ചർ 22000096 പ്രകാരം 1,50,000/-രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. 10000/-രൂപ വീതം 15 വാർഡുകളിലേക്ക് ചെലവഴിക്കുന്നതിനുവേണ്ടിയാണ് വാർഡുതല കൺവീനർമാർക്ക് നൽകിയത്. 1,2,3,4,12,13,14,15 എന്നീ വാർഡുകളിലെ ചെലവുരേഖകൾ ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ടി വാർഡുകൾക്ക് അനുവദിച്ച 80,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം.141/20-21 ചേരിങ്കൽ ഫാം റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ 95,200 /-(ധന.ക.ഗ്രാന്റ്)

ബിൽ നം. -37/20-21/27.1.21

തെരുവ് വിളക്ക് വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനായി ടി പ്രൊജക്റ്റ് പ്രകാരം 95,200 /-രൂപ കെ.എസ്.ഇ.ബി. ചേർത്തല, സെക്ഷൻ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-26 ആദായനികുതി അടവ്

1.പ്രോജക്ട് നം - 14/20-21

വികസനഫണ്ട് അടങ്കൽ – 20979/-

ചെലവ് - 20979/- (ബിൽ നം. - 41/20-21/ 4.3.21)

തനതുഫണ്ട് അടങ്കൽ -30000/-

ചെലവ് -30000/-(ചെക്ക് നം.44558/13.4.20)

2.പ്രോജക്ട് നം. - 230/20-21

വികസനഫണ്ട് അടങ്കൽ – 23010/

ചെലവ് - 23010/ (ബിൽ നം. - 3/20-21/13.5.20)

പഞ്ചായത്തിലെ ഫോട്ടോസ്റ്റാറ്റ്, യു.പി.എസ് എന്നിവയ്ക്ക് എ.എം.സി എടുക്കുന്നതിനായി ടി പ്രോജക്ടുകൾ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് 43,989/-രൂപയും തനതുഫണ്ടിൽ നിന്നും 30000/-രൂപയും ഉൾപ്പെടെ ആകെ 73,989/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും കരാർ തുകയുടെ 2% തുക ആദായ നികുതിയിനത്തിൽ കുറവ് ചെയ്തതിന് ശേഷമാണ് തുക നൽകേണ്ടത്. എന്നാൽ തൻവർഷം വാർഷിക അറ്റകുറ്റപ്പണിയ്ക്ക് കരാർ നൽകിയ സ്ഥാപനങ്ങളിൽ നിന്ന് ആദായ നികുതിയായ 1,479/-രൂപ ഈടാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഓഡിറ്റ് ഇംപാക്ട്

എ) തെറ്റായി അളവു രേഖപ്പെടുത്തി തുക അനുവദിച്ചത് തിരിച്ചടച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മോന്തച്ചാൽ ചേരിങ്കൽ തുരുത്ത് റോഡ് ഫോർമേഷൻ |
| പ്രോജക്ട് നമ്പർ | 115/21 |
| കരാറുകാരൻ | അരവിന്ദ് |
| അളവുപുസ്തകം | 22/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 4/15-04-2020 രൂപ 71187/-<br>ബിൽ നമ്പർ 42/20-02-2021 രൂപ 68093/- |

149 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡ് ഫോം ചെയ്യുക എന്നതാണ് മേൽ പ്രവൃത്തി. എന്നാൽ ടി പ്രവൃത്തിയിൽ 97 മീറ്റർ നീളം മാത്രമാണ് റോഡ് നിർമ്മിച്ചിട്ടുള്ളത്. ചെയിനേജ് 45 മീറ്റർ മുതൽ 97 മീറ്റർ വരെയുള്ള നീളം 52 മീറ്ററാണെന്നിരിക്കെ 53 മീറ്റർ നീളത്തിൽ റോഡ് ഫില്ല് ചെയ്തതായി കാണിച്ചാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 15/ 07-09-2021) തുടർന്ന് 121210100820/13-09-21 നമ്പർ രസീതു പ്രകാരം 2755/- രൂപ ഒടുക്കിയിട്ടുണ്ട്.

ബി) കോൺക്രീറ്റിന്റെ അളവ് കുറവു ചെയ്യാതിരുന്നതു മൂലം കരാറുകാരന് അധികം നൽകിയത് 1523/- രൂപ തിരിച്ചടച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചങ്ങരം സ്കൂളിൽ തുമ്പൂർമുഴി<br>മോഡൽ കംപോസ്റ്റ് യൂണിറ്റ് |
| പ്രോജക്ട് നമ്പർ | 172/19 |
| കരാറുകാരൻ | സതീഷ് കെ. ആർ |
| അളവുപുസ്തകം | 21/18-19 |
| ചെലവു വിവരം<br>(ശുചിത്വ മിഷൻ ഫണ്ട്) | ഉത്തരവ് നമ്പർ 202/27-01-2020<br>രൂപ 221003/-<br>ഉത്തരവ് നമ്പർ 393/30-03-2021<br>രൂപ 27393/- |

ജി. ഐ പൈപ്പ് ഉണിൽ ട്രസ് വർക്ക് ചെയ്ത് ഷെഡ് നിർമ്മിക്കുന്നതിനും ഭിത്തിയും ഫൗണ്ടേഷനും സോളിഡ് ബ്ലോക് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. 6 പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 1:2:4 താഴെപ്പറയുന്ന അളവിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

6 X0.30x0.30x0.50 = 0.27m3

ഈ കോൺക്രീറ്റ്, സോളിഡ് ബ്ലോക് ഉപയോഗിച്ച് നിർമ്മിക്കുന്ന ഫൗണ്ടേഷന്റേയും ഭിത്തിയുടേയും ഭാഗമായി വരുന്നതിനാൽ മേല്പറഞ്ഞ അളവ് സോളിഡ് ബ്രിക് മേസനറി ചെയ്ത അളവിൽ നിന്നും കുറവു ചെയ്യേണ്ടതായിരുന്നു. ജി.ഐ പൈപ്പ് സ്ഥാപിച്ചതിനുള്ള കോൺക്രീറ്റിന്റെ അളവ് കുറവു ചെയ്യാതിരുന്നതു മൂലം 1523/- രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 15/ 07-09-2021) തുടർന്ന് 121210100822/13-09-21 നമ്പർ രസീതു പ്രകാരം തിരികെ ഒടുക്കിയിട്ടുണ്ട്.

## 1-28 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | മാറാട്ട് റോഡ് ടാറിംഗ് | 4050 | റോഡു സംരക്ഷണ ഗ്രാന്റ് | 1/15-09-2020 രൂപ 489694/- |
| 2 | കായിക്കര പുളിത്തറ കായിക്കര പനയ്ക്കാത്തറ റോഡ് | 1680 | വികസന ഫണ്ട് | 49/5-03-21 രൂപ 194866/- |
| 3 | PS കടവ് മുട്ടത്തിൽ റോഡ് ടാറിംഗ് | 1620 | വികസന ഫണ്ട് | 3/15-04-20 രൂപ 239513/- |
| 4 | പെരിങ്ങോട്ട് റോഡ് മെയിന്റനൻസ് | 1890 | വികസന ഫണ്ട് | 8/25-04-2020 രൂപ 196020/- |
| | | | | |

| | | | | |
|---|---|---|---|---|
| 5 | ഹൈനസ് വഞ്ചിപ്പുരയ്ക്കൽ റോഡ്<br>ആകെ | 1890<br>11130 | വികസന ഫണ്ട് | 17/8-07-2020 രൂപ 200000/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രവൃത്തികൾ വികസന ഫണ്ട് /റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/ 07-09-2021 ന് ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഗവൺമെന്റിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 എം.എൻ ലക്ഷംവീട് പദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് നിഷ്ക്രിയമായി തുടരുന്നു

ജില്ലാ സഹകരണ ബാങ്കിന്റെ കുത്തിയതോട് ശാഖയിൽ എം.എൻ ലക്ഷംവീട് പദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലെ (അക്കൗണ്ട് നം. 4014/10/01/00/6663) 31.3.2021 ലെ നീക്കിയിരുപ്പ് 10,62,705/- രൂപയാണ്. എം.എൻ ലക്ഷംവീട് പദ്ധതിയ്ക്കായി അനുവദിച്ച പദ്ധതി വിഹിതത്തിലെ ചെലവഴിക്കാതെ മിച്ചം വന്ന തുകയും അതിന്റെ ഓരോ വർഷത്തേയും പലിശയും ചേർന്ന തുകയാണിത്. പാസ്സ് ബുക്ക് പരിശോധിച്ചതിൽ 2011-12 സാമ്പത്തിക വർഷത്തിന് ശേഷം ടി അക്കൗണ്ടിൽ ഇടപാടുകളൊന്നും നടന്നതായി കാണുന്നില്ല. വർഷങ്ങളായി നിഷ്ക്രിയമായി തുടരുന്ന ടി അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 തെറ്റായി അളവു രേഖപ്പെടുത്തി തുക അനുവദിച്ചു. അധികം നൽകിയത് 43298/-രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചങ്ങരം ഗവ.യു.പി. സ്കൂളിൽ മാസ്റ്റർ സെപ്റ്റിക് ടാങ്ക് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 49/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | പ്രവീൺകുമാർ |
| അളവുപുസ്തകം | 6/20-21<br>2/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 52/16-03-2021 രൂപ 377517 |

ചങ്ങരം ഗവ.യു.പി. സ്കൂളിൽ 2 സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റാണിത്. ടി പ്രവൃത്തിയിൽ 4-ാം ഇനം റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിംഗ് 34.052m3 ചെയ്തത് എസ്റ്റിമേറ്റ് അളവായ 21.494 $M^3$ ൽ ക്ലിപ്തപ്പെടുത്തി @ 9000 നിരക്കിൽ 193446/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ Baffle Wall നിർമ്മിച്ചതിന്റേയും അളവ് ഉൾപ്പെടുന്നു. എസ്റ്റിമേറ്റ് പ്രകാരം 0.10 മീറ്റർ കനത്തിൽ Baffle Wall നിർമ്മിക്കുന്നതിനു നിർദ്ദേശിക്കുന്നു. എന്നാൽ ഇത് നിർമ്മിച്ചതിന്റെ അളവു രേഖപ്പെടുത്തിയപ്പോൾ കനം ഉൾപ്പെടുത്താതിരുന്നത് അധികമായി അളവു രേഖപ്പെടുത്താനിടയായി. ഇത് മൂലം കരാറുകാരന് 43298/- രൂപ അധികം നൽകാനിടയായി. വിശദ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-31 തൊഴിലുറപ്പു പദ്ധതി -പേവിംഗ് ടൈലിന് (ഇന്റർലോക്കിംഗ് ടൈൽ)ഉയർന്ന നിരക്ക് അധികച്ചെലവിനിടയാക്കുന്നു

2020-21 വർഷം ചെയ്തിട്ടുള്ള ഇന്റർലോക്കിംഗ് ടൈൽ വിരിക്കുന്ന പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് 1270.65/M2 ആണ് (80.8.34 Proviig An Laying 80mm Thick Factory Mae Cement Concrete Interlocking Paverblock Of M-309 Grade .... ). എന്നാൽ ഇതേ പ്രവൃത്തി CPWD Specification പ്രകാരം ചെയ്യുമ്പോൾ കരാറുകാരന്റെ ലാഭം ഓവർഹെഡ് ചാർജ്ജ് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ അനുവദിക്കുമ്പോൾ 814.39/M2 ആണ്. PRICE Software ൽ ഒരു ചതുരശ്രമീറ്റർ ടൈൽ വിരിക്കുന്നതിന് ആവശ്യമാകുന്ന ടൈലിന്റെ വില 370 ഉള്ളപ്പോൾ SECURE Software ൽ നിന്നും ലഭ്യമാകുന്ന ഡേറ്റയിൽ കാണിച്ചിരിക്കുന്ന വില 1015/M2 ആണ്. ഇതു മൂലം കരാറുകാർക്ക് അധികം തുക നൽകാനിടയാകുന്നു.

ഉദാഹരണം ചുവടെ കൊടുക്കുന്നു.

വാർഡ 6 ലെ 81-ാം നമ്പർ അംഗൻവാടി ഫുട്പാത്ത് നിർമ്മാണത്തിൽ ടൈൽ വിരിക്കുന്നതിന് കരാറുകാരൻ ടൈൽ വാങ്ങിയതിന് ഹാജരാക്കിയ ബിൽപ്രകാരം ചെലവ് ചുവടെ കൊടുക്കുന്നു.

1250 Sq Ft ( 112.50 M2 ) @ 50 = 62600/- (ഗാലക്സ് ഗ്രീൻപേവേഴ്സ്, ആലുവയുടെ ബിൽ)

കരാറുകാരന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുക 111.90 M2 @1015 = 113579/-രൂപ

അധികം ചെലവഴിക്കേണ്ടി വന്ന തുക - 50979/- രൂപ

SECURE Software ൽ നിന്നും ലഭ്യമാകുന്ന ഡേറ്റയിൽ ഇന്റർലോക്കിംഗ് ടൈലിന്റെ വില കൂടുതൽ ആയതിനാൽ അധികച്ചെലവിനിടയാകുന്ന വിവരം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 ലൈഫ് പദ്ധതി-മുൻകൂർ കൈപ്പറ്റി 2 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവനനിർമ്മാണത്തിൽ 2018-19-ൽ വിവിധ പദ്ധതികൾ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെയ്ക്കുകയും 40000/- രൂപ വീതം മുൻകൂറായി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി വീടുനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കാണുന്നു.

| പ്രോജക്ട് നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 139/19 | ശ്രീമതി. സീമ രജിമോൻ | 40000 |
| 35/19 | ശ്രീമതി. ഹേമലത, കരുടാരിക്കളത്തിൽ | 40000 |
| 21/19 | ശ്രീമതി.ഫിലോമിന ക്ളീറ്റസ്, കൊടിയനാട്ട് | 40000 |

കരാർ വ്യവസ്ഥ പ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ടി ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. അഡ്വാൻസ് നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കുവാനും അല്ലാത്ത പക്ഷം കരാറിലെ വ്യവസ്ഥ പ്രകാരം അഡ്വാൻസ് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-23-ൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ ഇതുവരെ നടപടികളുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത ഗുണഭോക്താക്കളെ വിവരമറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-33 അനുപൂരക പോഷകാഹാര പരിപാടി-GST.TDS ഈടാക്കിയില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലേക്ക് അനുപൂരക പോഷകാഹാര വിതരണ പദ്ധതിക്കായി തുറവൂർ സിംഫണി, ഐശ്വര്യ എന്നീ സ്ഥാപനങ്ങളിൽ നിന്നും 1468783/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 2019-20 കാലയളവിൽ 602110/- രൂപയും 2020-21 കാലയളവിൽ 866673/- രൂപയുമാണ് ഇതിനായി നൽകിയിരിക്കുന്നത്. ടി സ്ഥാപനങ്ങൾക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത ജി.എസ്.ടി ഇൻവോയ്സുകളല്ല നൽകിയിട്ടുള്ളത്. 5% ജി.എസ്.ടി കൂടി അടങ്ങുന്ന വിലയാണ് ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2,50,000/- രൂപക്കുമേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. റ്റി.ഡി.എസ് കിഴിച്ച തുകയ്ക്കു പകരം മൊത്തം തുകയും വിതരണക്കാർക്ക് നൽകിയിരിക്കുന്നു. അപ്രകാരം 2019-20 കാലഘട്ടത്തിൽ 11440/- രൂപയും 2020-21 കാലഘട്ടത്തിൽ 16447/- രൂപയും കിഴിച്ച് ബാക്കി തുകയായിരുന്നു വിതരണക്കാർക്ക് നൽകേണ്ടിയിരുന്നത്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത തുക സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 1-34 കോവിഡ് അവലോകനം

2019-2020 സാമ്പത്തികവർഷം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർമാർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു. എല്ലാ മാസങ്ങളിലും കൃത്യമായി ആരോഗ്യ-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റികൾ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കോർ കമ്മറ്റി കൂടി വിലയിരുത്തുന്നുണ്ട്. വാർഡ് തല ജാഗ്രതാസമിതികൾ, ക്ലസ്റ്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏല്ലാ വാർഡുകളിലും സ്കൂൾടീച്ചേഴ്സ്, അംഗൻവാടി വർക്കേഴ്സ് എന്നിവരെ നിയോഗിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കീഴിൽ കോണ്ടാക്ട് ട്രേസിംഗ്, കോവിഡ് കാൾ സെന്റർ തുടങ്ങിയവ സുഗമമായി നടന്നുവരുന്നു. സ്റ്റേഷൻ ഹൗസ് ഓഫീസർ, സെക്ടറൽ മജിസ്ട്രേറ്റ് എന്നിവർക്ക് ആവശ്യമായ സഹായം നൽകുകയും പഞ്ചായത്തിൽ നടന്നു വരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തൽ മീറ്റിംഗുകൾ എന്നിവയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. ബോധവൽക്കരണത്തിനായി കൃത്യമായ ഇടവേളകളിൽ അനൗൺസ്മെന്റ് നടത്തി വരുന്നു. 4500 ആന്റിജൻ കിറ്റുകൾ വാങ്ങി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗ വേളയിൽ സാനിറ്റൈസർ, സോപ്പ്, മാസ്ക്, എന്നിവ വിതരണം ചെയ്യുകയും സന്നദ്ധ പ്രവർത്തകർക്ക് പി.പി.ഇ.കിറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഗവ.എൽ.പി.സ്കൂളിൽ 27/03/2020 മുതൽ 10.10.20 വരെ സാമൂഹ്യ അടുക്കള പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിർദ്ധനരും രോഗബാധിതരുമായ വ്യക്തികൾ, അഗതികൾ മുതലായവർക്ക് ഭക്ഷണം വീടുകളിൽ എത്തിച്ചു നൽകിയിരുന്നു. ഇതിന് വേണ്ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 1,59,810/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ സേവനം സന്നദ്ധ പ്രവർത്തനമായും, രോഗപ്രതിരോധസാമഗ്രികൾ, സാമൂഹ്യഅടുക്കളയിലേക്ക് വിവിധതരം പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, എന്നിവ സംഭാവനയായും ലഭിച്ചിരുന്നു.

2020-21 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട് (പ്രോജക്ട് നം.150/21). ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 5,00,000/- രൂപയും മെയിന്റനൻസ് റോഡിതരഫണ്ടിൽ നിന്നും 5,26,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ട് വഴി 150 എണ്ണം പൾസ് ഓക്സിമീറ്ററുകൾ മെഡിക്കൽ ഓഫീസർ വാങ്ങി വിവിധ വാർഡുകളിലെ ആശാവർക്കർമാരെ ഏൽപ്പിച്ചിട്ടുണ്ട്.

ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമാൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫീസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ എന്നിവർ മെമ്പർമാരാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തി സാമൂഹിക അടുക്കളയിലേക്ക് സാധന സാമഗ്രികൾ വാങ്ങിക്കുകയും ചെയ്ത് പോരുന്നു. ഇതിനെല്ലാം കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്.

2019-2020, 2020-21 സാമ്പത്തികവർഷങ്ങളിൽ പഞ്ചായത്ത് പ്രദേശത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ( FLTC) കൾ പ്രവർത്തിച്ചിരുന്നില്ല.

കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്.

കോവിഡ് രോഗപ്രതിരോധപ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവാത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

കോവിഡ് 19 മായി ബന്ധപ്പെട്ട് 2019-20, 2020-21 എന്നീ വർഷങ്ങളിൽ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും ചെലവായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2019-2020

| ഇനം | തുക |
|---|---|
| അനൗൺസ്മെന്റ് ചാർജ്ജ് | 9800 |
| സാനിറ്റൈസർ | 450 |

| | |
|---|---|
| മാസ്ക് | 350 |
| കോവിഡ് നിരീക്ഷണത്തിലിരുന്നവർക്ക് പലവ്യഞ്ജനം നൽകിയത് | 2769 |
| ആംബുലൻസ് വാടക | 1200 |
| കോർ കമ്മറ്റി റിഫ്രഷ്മെന്റ് ചാർജ്ജ് | 980 |
| ആകെ | 15549 |

2020-2021

| ഇനം | തുക |
|---|---|
| കോവിഡ് നിരീക്ഷണത്തിലിരുന്നവർക്ക് പലവ്യഞ്ജനം നൽകിയത് | 2140 |
| അനൗൺസ്മെന്റ് ചാർജ്ജ് | 22600 |
| അനൗൺസ്മെന്റ് വാഹനവാടക | 1800 |
| നേഴ്സിനു ആഹാരവും താമസസൗകര്യവും | 26083 |
| കോർ കമ്മറ്റിക്ക് ആഹാരം | 2804 |
| റിഫ്രഷ്മെന്റ് ചാർജ്ജ് | 710 |
| സി,സി,സി.യുടെ ചെലവ് | 40037 |
| സാനിറ്റൈസർ, മാസ്ക്, ഗ്ലൗസ് | 17372 |
| ആകെ | 113546 |

## ഭാഗം -2

## 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല- നഷ്ടം 8,620/-

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | ലൈസൻസ് നം: | അപേക്ഷകൻ | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 12/20-21/ 01.04.20 | സാബു മാനുവൽ | 95 HP | 1000 | 0 | 1000 |
| 2 | 13/20-21/01.04.20 | ജോസഫ് സക്കറിയ | 562 HP | 5620 | 0 | 5620 |
| 3 | 60/20-21/01.04.20 | സജി.പി. | 40 HP | 400 | 0 | 400 |
| 4 | 55/20-21/01.04.20 | രേഷ്മ. എ.ആർ. | 45 HP | 500 | 0 | 500 |
| 5 | 113/20-21/ 01.04.20 | സാബിർ.കെ.എ | 33.16 HP* | 400 | 0 | 400 |
| 6 | 1/20-21/ 01.04.20 | അൽഫോൻസ്.ജെ. | 39 HP | 400 | 0 | 400 |
| 7 | 28/20-21/ 01.04.20 | മേരി ആന്റണി | 25 HP | 300 | 0 | 300 |
| | | | | | ആകെ | 8620 |

(* പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി. പ്രകാരം)

ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 25, തീയതി 13/09/2021 ) മറുപടി ലഭിച്ചിട്ടില്ല. ടി വ്യക്തികളിൽ നിന്നും കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## 3-1 തെറ്റായി അളവ്വ രേഖപ്പെടുത്തി തുക അനുവദിച്ചു . അധികം നൽകിയത് 43298/-രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചങ്ങരം ഗവ. യു. പി. സ്കൂളിൽ മാസ്റ്റർ സെപ്റ്റിക് ടാങ്ക് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 49/21 |
| നിർവ്വഹണം | അസിസ്റ്റൻറ് എഞ്ചിനീയർ |
| കരാറുകാരൻ | പ്രവീൺകുമാർ |
| അളവുപുസ്തകം | 6/20-21<br>2/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 52/16-03-2021 രൂപ 377517/- |

ചങ്ങരം ഗവ. യു.പി.സ്കൂളിൽ 2 സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. ടി പ്രവൃത്തിയിൽ 4-ാം ഇനം റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിംഗ് 34.052m3 ചെയ്തത് എസ്റ്റിമേറ്റ് അളവായ 21.494 $M^3$ ൽ ക്ലിപ്തപ്പെടുത്തി @ 9000 നിരക്കിൽ 193446/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ Baffle Wall നിർമ്മിച്ചതിന്റേയും അളവ് ഉൾപ്പെടുന്നു. എസ്റ്റിമേറ്റ് പ്രകാരം 0.10 മീറ്റർ കനത്തിൽ Baffle Wall നിർമ്മിക്കുന്നതിനു നിർദ്ദേശിക്കുന്നു. എന്നാൽ ഇത് നിർമ്മിച്ചതിന്റെ അളവു രേഖപ്പെടുത്തിയപ്പോൾ കനം ഉൾപ്പെടുത്താതിരുന്നത് അധികമായി അളവു രേഖപ്പെടുത്താനിടയായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് | യഥാർത്ഥത്തിൽ വരുന്ന അളവ് |
|---|---|---|
| എ | 1x 1.66x0.40 = 0.664<br>1x1.66x 1.00 = 1.66<br>2.324 $M^3$ | 1x1.66x0.10x0.40 = 0.0664<br>1x1.66x0.10x 1.00 = 0.166<br>0.2324 $M^3$ |
| ബി | 1x2.29x 0.40 = 0.916<br>1x2.29x1.00 = 2.20<br>3.206 $M^3$ | 1x2.29x0.10x 0.40 = 0.0916<br>1x2.29x0.10x1.00 = 0.220<br>0.3206 $M^3$ |
| സി | 1x2.20x1.77 = 3.89<br>1x2.20x 1.77 = 2.574<br>1x2.29x1.77 = 4.053<br>1x2.29x1.17 = 2.679<br>13.196 $M^3$ | 1x2.20x0.10 X1.77 = 0.389<br>1x2.20x0.10x 1.77 = 0.2574<br>1x2.29x0.10x 1.77 = 0.4053<br>1x2.29 X0.10x 1.17 = 0.2679<br>1.3196 $M^3$ |
| | ആകെ ----- 18.726 $M^3$ | 1.8726 $M^3$ |

മേൽപ്പറഞ്ഞതിൽ നിന്നും ഇനം 4 ന് അനുവദിക്കാവുന്ന അളവിന്റേയും തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പാർട്ട് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് (അളവു പുസ്തകം 2/20-21 പേജ് 12) | 34.052 $M^3$ |
| (-) തെറ്റായി രേഖപ്പെടുത്തിയ അളവ് | 18.726 |
| | 15.326 $M^3$ |
| (+)യഥാർത്ഥത്തിൽ വരുന്ന അളവ് | 1.8726 |
| | 17.1986 $M^3$ |
| അനുവദിച്ച അളവ് (ക്ലിപ്തപ്പെടുത്തി നൽകിയത് ) | 21.494 $M^3$ |
| അധികം അനുവദിച്ച അളവ് | 4.2954 $M^3$ |
| അധികം അനുവദിച്ച തുക | 4.2954 $M^3$ @ 9000 = 38659<br>(+) GST 12% ----------- 4639<br>43298 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/07-09-2021) ടി പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-2 കുത്തിയതോട് മാർക്കറ്റ് നവീകരണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കുത്തിയതോട് മാർക്കറ്റ് നവീകരണം |
| പ്രോജക്റ്റ് നമ്പർ | 33/20 |
| കരാറുകാരൻ | രാഘവേന്ദ്ര ഷേണായി |
| അളവുപുസ്തകം | 43/19-20 |
| നിർവ്വഹണം | അസിസ്റ്റൻറ് എഞ്ചിനീയർ |
| ചെലവു വിവരം | ബിൽ നമ്പർ 39/12-01-2021 രൂപ 649538/- |

കൂടുതലായി അളവു രേഖപ്പെടുത്തി തുക അനുവദിച്ചു. അധികം നൽകിയത് 6845/- രൂപ

മേൽ പ്രവൃത്തിയിൽ ബേസ്മെന്റ് നിർമ്മിച്ച് ട്രസ് വർക്ക് ചെയ്ത് മാർക്കറ്റ് നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. ടി പ്രവൃത്തിയിൽ 0.55 മീറ്റർ ഉയരത്തിലാണ് ബേസ്മെന്റ് നിർമ്മിച്ചിരിക്കുന്നത്. ഇത് ഫില്ല് ചെയ്തിരിക്കുന്ന അളവും 0.55മീറ്റർ ആണ്. ഫില്ല് ചെയ്തിരിക്കുന്നതിനു പുറമെ 0.075 മീറ്റർ കനത്തിൽ തറ കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ബേസ്മെന്റ് 0.475 മീറ്റർ (0.55- 0.075) ഉയരത്തിൽ ഫില്ല് ചെയ്താൽ മതി. ഈ അളവു തന്നെയാണ് (0.475 മീറ്റർ ) എസ്റ്റിമേറ്റിലും കാണിച്ചിരിക്കുന്നത്. ഫില്ലിംഗിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഫില്ലിംഗിന് അനുവദിച്ച അളവ് | 12.90x7.90x0.55 = 56.05 $M^3$<br>(-)40% ഇനം 1 ൽ<br>കുഴിച്ചെടുത്ത മണ്ണ് - 6.28<br>49.77$m^3$ |
| അനുവദനീയമായ അളവ് | 12.90x7.90x0.475= 48.41 $M^3$<br>(-)40% ഇനം 1 ൽ<br>കുഴിച്ചെടുത്ത മണ്ണ് - 6.28<br>42.13$m^3$ |
| അധികം അനുവദിച്ച അളവ് | 7.64 $M^3$ (49.77 - 42.13) |
| അധികം അനുവദിച്ച തുക | 7.64 @800/M3 = 6112<br>(+) GST 12% 733<br>6845 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/07-09-2021) ടി പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1341600 | ലൈഫ് മിഷൻ | | |
| | | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | |
| | | 805000 | ലൈഫ് മിഷൻ | 805000 | |
| | | 250000 | ആലൂർ- പൊട്ടത്തറ റോഡ് മെറ്റലിങ് ടാറിങ് | 250000 | |

| | | | | |
|---|---|---|---|---|
| | | 200000 | പാലിന് സബ്സിഡി | 200000 |
| | | | | |
| | | | ആകെ തുക | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 700000 | ലൈഫ് മിഷൻ | 905957 |
| | | 750000 | ലൈഫ് മിഷൻ | 700000 |
| | | | ക്ലാസ് റൂം | 325000 |
| | | | | |
| | | | ആകെ തുക | 1930957 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3040000/- രൂപയുടെ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | | 300000 | 22149423 | 2136157 | | 20313266 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2750/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൌച്ചർ നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | ഖണ്ഡിക 3-2 (1-17) | 2750 | ബിന്ദു. എൽ | 120010100501 DT. 8/9/20 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66466920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59618260 |
| വരവിനങ്ങളിലുള്ള നഷ്ടം | 8620 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50143 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 518973 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8620 | | കമലേശൻ.വി, സെക്രട്ടറി |
| 3-1 | | 43298 | ശോഭ.എസ്, അസി.എൻജിനീയർ |
| 3-2 | | 6845 | ശോഭ.എസ്, അസി.എൻജിനീയർ |
| ആകെ | 8620 | 50143 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 21373 | ഡോ.രഞ്ജിത് മോനായി,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-20 | 172400 | ഡോ.അഷൈൻ റോയ്,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-22 | 150000 | ബിന്ദു മാത്യു, വെറ്ററിനറി സർജൻ, |
| 1-24 | 80000 | ഡോ. രഞ്ജിത്ത് മോനായി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, |
| 1-25 | 95200 | ശോഭ.കെ. സെക്രട്ടറി |
| ആകെ | 518973 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 1-27 | 1479 | ശോഭ.കെ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശോഭ.എസ്, അസി.എൻജിനീയർ | അസിസ്റ്റൻറ്, എൻജിനീയർ, എൽ.എസ്.ജി.ഡി , കോടംതുരുത്ത് | മൈത്രീഭവൻ, ചേർത്തല തെക്ക് |
| കമലേശൻ.വി., സെക്രട്ടറി | സെക്രട്ടറി (റിട്ടയേർഡ്) | തെക്കേ ഓമനശ്ശേരിയിൽ (H) നടുവത്ത് നഗർ പി.ഒ |
| ശോഭ.കെ. സെക്രട്ടറി | സെക്രട്ടറി കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | ശ്രേയസ്സ് (H) എരമല്ലൂർ |
| ഡോ.രഞ്ജിത് മോനായി,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ തുറവൂർ പി.എച്ച്.സി തുറവൂർ പി.ഒ | കാർത്തിക തുറവൂർ പി.ഒ ചേർത്തല |
| ഡോ.അഷൈൻ റോസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ഹോമിയോ,കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | വിള്ളാംതറ (H) ചേരാനല്ലൂർ പി.ഒ എറണാകുളം |
| ബിന്ദു മാത്യു,വെറ്ററിനറി സർജൻ, | വെറ്ററിനറി സർജൻ,അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് | ആർക്കൈവ്, വിക്ടോറിയ തൃപ്പൂണിത്തറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 | 4 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 | 12 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 | 6 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 | 12 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 | 18 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 | 5 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 | 22 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 | 23 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12-1252/16/16.12.2016 | 10 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി12-725/17/20.06.2017 | 16 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി12-87/19/07.01.2019 | 19 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-175/2020/28.05.2020 | 23 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി12- | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ട് ഫയലുകൾ, ഓഡിറ്റ് ഒബ്ജെക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ ധാരാളം പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കുന്നില്ല. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്ക പ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കാതെ അവശേഷിക്കുന്നത്. 2006-07 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളും തീർപ്പാക്കുവാനവശേഷിക്കുന്നവയിലുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലേതുൾപ്പെടെയുള്ള പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്